©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വ്യാഴം
Thiruvananthapuram,
Thursday

2025 നവംബർ 06
06th November 2025
1201 തുലാം 20
20th Thulam 1201
1947 കാർത്തികം 15
15th Karthika 1947

നമ്പർ
No.
3949

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വിജ്ഞാപനം

പി.എച്ച്5-2406/2023/ആ.വ.ഡ. *തിരുവനന്തപുരം 2025 സെപ്റ്റംബർ 22*

സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസറുടെ നടപടിക്രമം
ഹാജർ : ഡോ.റീന.കെ.ജെ.

(2023 ലെ കേരള പൊതുജനാരോഗ്യ നിയമം (2023 -ലെ 2800 ആക്ട്) വകുപ്പ് 7(5), 10(b), 10(c) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവ്)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിഷയം : ആ.വ.ഡ – അമീബിക്ക് മസ്തിഷ്ക്ക ജ്വരം പ്രതിരോധ നടപടികൾ, നീന്തൽ കുളങ്ങൾ, ജലാശയങ്ങൾ തുടങ്ങിയവയിലെ മലീനീകരണ നിയന്ത്രണ നിർദ്ദേശങ്ങൾ - സ്പഷ്ടീകരണം സംബന്ധിച്ച്

പരാമർശം:- ഉത്തരവ് നം. DHS/2406/2023-PH5 തീയതി 27-08-2025

കേരളത്തിൽ അമീബിക്ക് മസ്തിഷ്ക്ക ജ്വരം വർധിച്ച തോതിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള അമീബിക്ക് മസ്തിഷ്ക്ക ജ്വരം കേസുകളുടെയും മരണങ്ങളുടെയും വിശകലനം ചെയ്യുമ്പോൾ താഴെ പറയുന്ന സാഹചര്യങ്ങളിൽ പ്രസ്തുത രോഗം പിടിപ്പെടാനുള്ള സാദ്ധ്യത ഉണ്ടെന്ന് വിലയിരുത്തുന്നു.

1. വിനോദത്തിനും, പരിശീലനത്തിനും വേണ്ടിയുള്ള പൊതു / സ്വകാര്യ നീന്തൽ കുളങ്ങളുടെ ഉപയോഗം

2. മലിനമായ കുളങ്ങൾ, തടാകങ്ങൾ, ഒഴുക്ക് കുറഞ്ഞ തോടുകൾ തുടങ്ങിയ ജലാശയങ്ങളിൽ മുങ്ങി കുളിക്കുന്നത്

ആകയാൽ അമീബിക്ക് മസ്തിഷ്ക്ക ജ്വരം മൂലം ജനങ്ങളുടെ ആരോഗ്യത്തിനും ജീവനും ഭീഷണിയുണ്ടാകാൻ സാദ്ധ്യതയുള്ളതും ആയത് തടയാൻ സാധ്യമായ കാര്യങ്ങളിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടത് അനിവാര്യമാണെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ 2023 ലെ കേരള പൊതുജനാരോഗ്യ നിയമത്തിലെ 4(2) വകുപ്പ് പ്രകാരം സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ഓഫീസർ എന്ന ചുമതല വഹിക്കുന്ന സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടർ ആയ ഡോ.റീന കെ ജെ എന്ന ഞാൻ. മേൽ പരാമർശിച്ച നിയമത്തിന്റെ 7(5), 10(b), 10(c) വകുപ്പുകൾ പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് കൊണ്ട് സൂചന ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

മേൽ ഉത്തരവിൽ നീന്തൽ പരിശീലന കേന്ദ്രങ്ങൾ, വാട്ടർ തീം പാർക്കുകൾ എന്നിവ സംബന്ധിച്ച് സ്പഷ്ടീകരണം വരുത്തി താഴെ പറയുന്ന പുതുക്കിയ നിർദ്ദേശങ്ങൾ കേരള സംസ്ഥാനത്തെമ്പാടും നടപ്പിൽ വരുത്തുന്നതിന് ഉത്തരവാകുന്നു.

<u>ഉത്തരവ്</u>

1. റിസോർട്ടുകൾ, ഹോട്ടലുകൾ, വാട്ടർ തീം പാർക്കുകൾ, നീന്തൽ പരിശീലനകേന്ദ്രങ്ങൾ എന്നിവയുടെ നടത്തിപ്പുകാർ, ചുമതലക്കാർ അതത് ഇടങ്ങളിലെ ജലം എല്ലാ ദിവസവും ക്ലോറിനേറ്റ് ചെയ്യുകയും ക്ലോറിൻ അളവുകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും അതിനായുള്ള രജിസ്റ്ററിൽ അതേ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതും രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ടതും, ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയോ, പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസറോ, അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരോ (Authorised Officer) ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

2. നീന്തൽ പരിശീലന കേന്ദ്രങ്ങൾ, വാട്ടർ തീം പാർക്കുകൾ, റിസോർട്ടുകളിലെയും, ഹോട്ടലുകളിലെയും നീന്തൽകുളങ്ങൾ എന്നിവിടങ്ങളിൽ ക്ലോറിനേഷൻ പൂർത്തീകരിച്ചതിന് ശേഷം Residual Chlorine 1-3 mg/Litre (1-3 ppm) എന്ന അളവിൽ ഉണ്ടായിരിക്കണം.

3. കുടിവെള്ളത്തിന് ഉപയോഗിക്കുന്ന ജലസംഭരണികളിൽ ക്ലോറിനേഷൻ പൂർത്തീകരിച്ചതിന് ശേഷം Residual Chlorine 0.5 mg/Litre (0.5 ppm) എന്ന അളവിൽ ഉണ്ടായിരിക്കണം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4. ജലവിതരണ ശൃംഖലകളിൽ എല്ലായിടത്തും Residual Chlorine 0.5 mg/Litre (0.5 ppm) എന്ന അളവിൽ നിലനിർത്താൻ ബന്ധപ്പെട്ട ഏജൻസികൾ (ഉദാ. ജല അതോറിറ്റി, ജലനിധി തുടങ്ങിയവ) ശ്രദ്ധിക്കേണ്ടതാണ്.

5. Naeglaria fowleri എന്ന അമീബയുടെ സാന്നിദ്ധ്യം സ്ഥിരീകരിക്കപ്പെടുന്ന കുടിവെള്ള വിതരണ ശ്രംഖലകളിൽ ഇവയുടെ സാന്നിദ്ധ്യം ഇല്ലാതാകുന്നത് വരെ Residual Chlorine 1 mg/Litre (1 ppm) ഉണ്ടായിരിക്കേണ്ടതും ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളതുമല്ല.

6. ജലസ്രോതസ്സുകളിലേക്ക് ഒഴുകിയെത്തുന്ന എല്ലാത്തരം ദ്രവമാലിന്യ കുഴലുകളും ഒഴിവാക്കേണ്ടതാണ് .

7. ജലസ്രോതസ്സുകളിൽ ഖരമാലിന്യം നിക്ഷേപിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

മേൽ പ്രവർത്തനങ്ങൾ കൃത്യമായി നടപ്പിൽ വരുത്തുന്നു എന്ന് എല്ലാ പ്രാദേശിക പബ്ലിക്ക് ഹെൽത്ത് ഓഫീസർമാരും, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥരും (Authorised Officer) ഉറപ്പ് വരുത്തേണ്ടതാണ്. നിർദ്ദേശങ്ങൾ മന:പൂർവ്വമായി ലംഘിക്കുന്നവർക്കെതിരെ 2023 കേരള പൊതുജനാരോഗ്യ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്. എല്ലാ ജില്ലാ പബ്ലിക്ക് ഹെൽത്ത് ഓഫീസർമാരും തങ്ങളുടെ അധികാര പരിധിയിൽ നടക്കുന്ന പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തേണ്ടതും ആയതിന്റെ ആഴ്ച്ച തോറുമുള്ള റിപ്പോർട്ട് സംസ്ഥാന സർവെയിലൻസ് ഓഫീസറെ അറിയിക്കേണ്ടതുമാണ്.

ഒപ്പ്/-
ഡോ. റീന കെ. ജെ.
കേരള സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസർ
ആരോഗ്യവകുപ്പ് ഡയറക്ടർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.07 03:33:49 +05:30